പാട്ടും പഠനവും

ഒപ്പനയുടെയും കല്ല്യാണപാട്ടുകളുടെയും
സമ്പന്നമായ പൈതൃകം
അനാവരണം ചെയ്യുന്ന പഠനഗ്രന്ഥം.



വി. എം. കുട്ടി

# ഒപ്പന
## എന്ന വട്ടപ്പാട്ട്

*Malayalam*

**OPPANA YENNA VATTAPATTU**

**PATTUM PADANAVUM**

by

**V.M.Kutty**

*First Published:* January 2011

*Tyepeset at:*
Fingerpoint,Calicut

*Proof: Majeed Pallipoyil*
*Printed at:*
Vijnanamudranam Press, Nalanda

Thiruvanathapuram-3

*Published by*
The State Institute of Languages, Kerala
Thiruvanathapuram- 695 003

The State Institute of Languages, Kerala
Thiruvananthapuram-2010

SIL- 2573 **Price:Rs.65/-** ISBN -978-81-7638-912-9 FT-1599

# ഒപ്പന എന്ന വട്ടപ്പാട്ട്
## പാട്ടും പഠനവും

വി.എം. കുട്ടി

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
തിരുവനന്തപുരം

| | | |
|---|---|---|
| General Editor | : | **Dr. P.K. Pokker** |
| Editor | : | **Dr. Azeez Tharuvana** |
| Production Executive | : | **Dr.R.Radhakrishnan** |
| Cover Design | : | **Shanavas Konarath** |
| **ജനറൽ എഡിറ്റർ** | : | **ഡോ.പി.കെ. പോക്കർ** |
| **എഡിറ്റർ** | : | **ഡോ.അസീസ് തരുവണ** |
| **പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്** | : | **ഡോ.ആർ. രാധാകൃഷ്ണൻ** |
| **കവർ ഡിസൈൻ** | : | **ഷാനവാസ് കൊനാരത്ത്** |

# ആമുഖം

നാടൻ കലാരൂപങ്ങൾ സാമാന്യ ജനതയുടെ നിത്യജീവിതത്തിന്റെ ഭാഗമാണ്. അവ അനുഷ്ഠാനപരമായോ വിനോദോപാധിയായോ ആണ് നിലനിന്നുപോന്നിട്ടുള്ളത്. സമീപകാലം വരെ ഏതെങ്കിലും ജാതി,മത വിഭാഗങ്ങളുടെ മതിൽക്കെട്ടുകൾക്കകത്ത് ഒതുങ്ങി നിന്നവയായിരുന്നു എല്ലാ കലാരൂപങ്ങളും. നവോത്ഥാനന്തരം രൂപപ്പെട്ട പൊതുമണ്ഡലം അത്തരം മതിൽക്കെട്ടുകളെ തകർത്തെറിയുകയും എല്ലാ കലാരൂപങ്ങളും എല്ലാവരുടേതുമാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്.

ഒപ്പനയും മാപ്പിളപ്പാട്ടും മലബാറിലെ മാപ്പിളമാരുടെ സവിശേഷ കലാ, സാഹിത്യ രൂപങ്ങളാണെങ്കിലും ഇന്നവ അവതരിപ്പിക്കുന്നത് എല്ലാ ജനവിഭാഗങ്ങളുമാണ്; കഥകളി ക്ഷേത്രമതിൽകെട്ടുകൾക്കകത്തു നിന്ന് ജന സാമാന്യത്തിനിടയിലേക്ക് എത്തിയതുപോലെ. അതിനാൽ ഇത്തരം കലാരൂപങ്ങൾ മുമ്പ് നിർവഹിച്ച ധർമ്മമല്ല ഇന്ന് സാക്ഷാത്കരിക്കുന്നത്.

മലബാറിലെ മാപ്പിളമാർ ജീവിതത്തിന്റെ സകലമേഖലകളിലും പാട്ടുള്ളവരായിരുന്നു. വിവാഹചടങ്ങുകൾ, മാർക്കകല്ല്യാണം, മുടികളച്ചിൽ, കാതുകുത്ത്, നാൽപതുകളി, വീട്ടുകൂടൽ, പെരുന്നാൾ തുടങ്ങി എല്ലാ ആഘോഷവേളകളിലും പാട്ട് രൂപങ്ങൾ അടുത്തകാലംവരെ സജീവമായി നിലനിന്നിരുന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കും ഭിന്നസന്ദർഭങ്ങളിൽ പാടുവാൻ പ്രത്യേകം പ്രത്യേകം പാട്ടുകൾ ഉണ്ടായിരുന്നു. ഇന്നവ അതിവേഗം അപ്രത്യക്ഷമാവുകയാണ്. ഈയൊരു സന്ദർഭത്തെ മുൻനിർത്തിയാണ് 'ഒപ്പന എന്ന വട്ടപ്പാട്ട്' പാട്ടും പഠനവും എന്ന ഈ കൃതി നാം വായിക്കേണ്ടത്.

കല്ല്യാണ വേളയിൽ അവതരിപ്പിക്കുന്ന ഒപ്പനയും അതിലുപയോഗിക്കുന്ന പാട്ടുകളും കേരളീയ സംസ്ക്കാര പഠനത്തിൽ പ്രാധാന്യമർഹിക്കുന്നവയാണ്. നിർഭാഗ്യകരമെന്നു പറയട്ടെ, അവയുടെ ആദ്യകാല കലാകാരന്മാരെപ്പറ്റിയോ ഗാനരചയിതാക്കളെക്കുറിച്ചോ ഈ കലാരൂപത്തിന്റെ ഉൽപത്തിയെ പറ്റിയോ വേണ്ടത്ര വസ്തു നിഷ്ഠ പഠനങ്ങൾ ഇനിയും നടന്നിട്ടില്ല. അതിനാൽ ഇതുമായി ബന്ധപ്പെട്ട പലതും അജ്ഞാതമായി തുടരുകയാണ്.

കേരളത്തിലെ അറിയപ്പെടുന്ന മാപ്പിളപ്പാട്ടുകാരനും ഗവേഷകനും സാംസ്ക്കാരിക പ്രവർത്തകനുമായ വി.എം.കുട്ടി, ഒപ്പനയുടെ ചരിത്രത്തിലേക്കും ഒപ്പനപാട്ടുകളുടെ ആദ്യകാല രചയിതാക്കളിലേക്കും ആഴത്തിൽ ഇറങ്ങിചെല്ലുകയാണ് ഈ പുസ്തകത്തിൽ. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നിരവധി കല്ല്യാണപ്പാട്ടുകൾ ഈ കൃതിയിൽ പഠനത്തോടൊപ്പം അദ്ദേഹം ചേർത്തിട്ടുണ്ട്. തീർച്ചയായും ഗവേഷകന്മാർക്കും ഒപ്പന കലാകാരന്മാർക്കും/കാരികൾക്കും അവ സഹായകമാകുമെന്നതിൽ സംശയമില്ല. ഫോക്ക്ലോറിന്റെ മേഖലയിലും വരുംകാലത്ത് ഈ കൃതി ചർച്ച ചെയ്യുപ്പെടുകതന്നെ ചെയ്യും. ദീർഘമായ പഠന, ഗവേഷണത്തിലൂടെ ഈ പുസ്തകം രചിച്ച വി.എം. കുട്ടിയോടും പുസ്തകം പരിശോധിച്ച ഫോക് ലോർ പണ്ഡിതൻ ഡോ.രാഘവൻ പയ്യനാടിനോടുമുള്ള കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നന്ദി അറിയിക്കുന്നതോടൊപ്പം കേരളീയ വായനാ സമൂഹത്തിന് ഈ പുസ്തകം സന്തോഷപൂർവ്വം സമർപ്പിക്കുന്നു.

ഡോ. പി.കെ. പോക്കർ
ഡോ. അസീസ് തരുവണ

# മുൻകുറിപ്പ്

1940-ൽ എനിക്ക് അഞ്ചു വയസ്സുള്ള കാലം മുതൽ അയൽപക്കത്തും കുടുംബങ്ങളിലുമുള്ള കല്യാണാഘോഷങ്ങളിൽ പങ്കെടുക്കാറുണ്ടായിരുന്നു. അന്നൊക്കെ സ്ത്രീകളുടെയും പുരുഷന്മാരുടെയും വട്ടപ്പാട്ടുകൾ കല്യാണത്തിന് പതിവാണ്. ഇന്ന് അത്തരം പാട്ടുസംഘങ്ങൾ അപ്രത്യക്ഷമായി; പാട്ടുകളും.

മാപ്പിള സമൂഹത്തിന്റെ മഹത്തായ ഗാന സാഹിത്യസമ്പത്ത് അന്യം നിന്ന് പോവുന്ന സന്ദർഭത്തിൽ അവ തേടിപ്പിടിച്ച് പുതിയ തലമുറക്ക് കൈമാറുക എന്ന ലക്ഷ്യമാണ് ഈ ഗ്രന്ഥരചനക്ക് പിന്നിൽ.

ചെറുപ്പം മുതലേ കേട്ടുപോന്ന അപ്രകാശിതങ്ങളായ കല്യാണപ്പാട്ടുകളും പണ്ടേ സൂക്ഷിച്ചുപോന്ന അറബി-മലയാള 'സബീന'കളിലെ പാട്ടുകളുമാണ് ഇതിൽ ഉൾപ്പെടുത്തിയത്. പലതും അപൂർണങ്ങളാണ്.

വിവിധ സമൂഹങ്ങളിൽ കല്യാണത്തോടനുബന്ധിച്ച് നടന്നിരുന്ന ആചാരങ്ങളും പാട്ടുകളും, അവയോട് മാപ്പിളപ്പാട്ടുകൾക്കുള്ള സാമ്യവും വിശകലനം ചെയ്യാൻ പരമാവധി ശ്രമം നടത്തിയിട്ടുണ്ട്. ഗവേഷണ വിദ്യാർത്ഥികൾക്കും ചരിത്രാന്വേഷികൾക്കും ഇത് വഴികാട്ടിയാവുമെന്ന് പ്രതീക്ഷിക്കുന്നു. യുവജനോത്സവ മത്സരവേദികളിലേക്ക് തനിമയാർന്ന മാപ്പിളപ്പാട്ടുകൾ തേടി നെട്ടോട്ടമോടുന്നവർക്കും ഇത് ഒരു സഹായിയാവുമെന്ന് കരുതുന്നു.


ഈ ഗ്രന്ഥം സൂക്ഷ്മമായി പരിശോധിക്കുകയും നിർദേശങ്ങൾ നൽകുകയും ചെയ്ത മാപ്പിളപ്പാട്ട് ഗവേഷകരായ ഹസൻ നെടിയനാട്, പക്കർ പന്നൂർ, ഒ.എം. കരുവാരക്കുണ്ട് എന്നിവരോടുള്ള നന്ദി അപാരമാണ്.

ഇതിന് ആകർഷകവും പഠനാർഹവുമായ അവതാരിക എഴുതി അലങ്കരിച്ച ബഹു: മുൻ എം.പി. ടി.കെ. ഹംസയോടും സ്വാനുഭവങ്ങൾ നിരത്തി വസ്തുതാപരമായ പഠനവും ആസ്വാദനവും എഴുതിത്തന്ന പത്രപ്രവർത്തകനും സാഹിത്യകാരനും വാഗ്മിയുമായ കെ.പി. കുഞ്ഞിമൂസയോടുമുള്ള നന്ദിയും കടപ്പാടുകളും വാക്കുകൾക്കതീതമാണ്.

ഈ പുസ്തകം പ്രകാശനത്തിന് ഏറ്റെടുത്ത കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനോടും അതിന്റെ ഡയറക്ടർ ഡോ. പോക്കറിനോടുമുള്ള സ്നേഹാദരങ്ങളും നന്ദിയും ഇവിടെ പ്രകാശിപ്പിച്ചുകൊണ്ട് ഈ ഗ്രന്ഥം സവിനയം കലാകൈരളിക്ക് സമർപ്പിക്കട്ടെ.

**വി.എം.കുട്ടി**

കല്ല്യാണപാട്ടുകളേയും
അവയുടെ രചയിതാക്കളെയും
ഒപ്പന എന്ന കലാരൂപത്തെയും
അവയ്ക്ക് ജനജീവിതത്തിലുള്ള
സ്വാധീനത്തേയുംപ്പറ്റി
മാപ്പിളപ്പാട്ടു ഗായകനും
ഗവേഷകനുമായ
വി. എം. കുട്ടി രചിച്ച പഠനഗ്രന്ഥം.



വി. എം. കുട്ടി

# ഒപ്പന

## എന്ന വട്ടപ്പാട്ട്

പാട്ടും പഠനവും



FT - 1599
SIL - 2573
**വില: 65**

Published by the State Institute Of Languages, Kerala, Thiruvananthapuram, under the scheme for production of text books and literature in regional languages, at the University level sponsored by the Government of India, Ministry of Human Resource Devolopment (Department of Culture) New Delhi.

ISBN 81-7638-912-9